(*b*) 373 on 6th July 1941.

(*c*) The cells in the Central Jail are not intended for a single prisoner. The space in each cell will allow two prisoners to be put in it. The maximum number of prisoners in each cell is 3 and sometimes 4. Steps for additional accommodation are in progress.

CATTLE IN TRICHUR MUNICIPALITY—STRAYING OF—ACTION REGARDING

188. Mr. M. K. Devassy *(Adur):* Will Government be pleased to state.—

(*a*) whether its attention has been drawn to the fact that cattle are let loose in the Trichur Municipal area during the last one month; and

(*b*) if the answer to the above question is in the affirmative, whether Government have taken any action in the matter?

Mr. P. V. Raphael *(Joint Secretary to Government):*

(*a*) & (*b*) There were a few such cases. The Municipality takes necessary measures to prevent such action.

RADIO LICENSES—ACTION TAKEN FOR INFRINGEMENT OF RULES

189 മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവുചെയ്തു ഗവൺമെണ്ടു മറുപടിപറയുമോ.—

(എ) കൊച്ചിരാജ്യത്തു് ഇന്നു് എത്ര റേഡിയോ സെറ്റുകൾക്കു ലൈസൻസ്സു് കൊടുത്തിട്ടുണ്ടു്;

(ബി) മുന്നുകൊല്ലത്തിന്നുമുമ്പു് ഈ തുക എത്രയായിരുന്നു;

(സി) റേഡിയൊ ഉപയോഗിക്കുന്നതു സംബന്ധമായ വീഴ്ചകൾക്കു മുന്നു കൊല്ലത്തിന്നുള്ളിൽ ആക്കെങ്കിലും എന്തെങ്കിലും ശിക്ഷകൾ നൽകപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതെല്ലാമാണെന്നും, എന്തെല്ലാം കാരണത്തിന്മേലാണെന്നും, ശിക്ഷയുടെ സ്വഭാവം എന്തെല്ലാമാണെന്നും ദയവുചെയ്തു പറയാമോ?

മിസ്റ്റർ പി. വി. റാഫേൽ:

(എ) ഈ കൊല്ലത്തിൽ ഫെ—ഫെ—ഫെബ്രുവരി വരെ ഡൽഹി ലൈസൻസ്സുകൾ കൊടുത്തിട്ടുണ്ടു്.

(ബി) ബ്രിട്ടീഷ് ആക്ടനുസരിച്ചു ലൈസൻസ്സുകൾ കൊടുത്തിട്ടുണ്ടു്.

(സി) ഇല്ല.

(ഡി) മേൽകാണിച്ച ഉത്തരംകൊണ്ടു് ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. കുഞ്ഞൻനമ്പൂതിരിപ്പാട്: യാതൊരു പിഴയും വസൂൽചെയ്യിട്ടില്ലെന്നാണൊ പറയുന്നതു്?

മിസ്റ്റർ പി. വി. റാഫേൽ: പിഴയായിട്ട വസൂൽചെയ്യുന്നില്ല. ലൈസൻസ്സു ഫീസ്സു വാങ്ങിക്കുവാൻ താമസിച്ചാൽ കണ്ടൊനേഷൻ ഫീസ്സു വാങ്ങുന്നുണ്ടു്.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: അതു് എത്ര രൂപാവരെ വാങ്ങിക്കുന്നുണ്ടു്?

മിസ്റ്റർ പി. വി. റാഫേൽ: ഒരു രൂപാ മുതൽ പത്തു രൂപാവരെയുണ്ടു്.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസ്സാസേട്ടു്: റേഡിയൊ സ്ഥലം മാറുന്നതായാൽ വല്ല ഡിക്ലറേഷൻ വേണൊ?

മിസ്റ്റർ പി. വി. റാഫേൽ: നോട്ടീസ്സു വേണം.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: കേടുവന്നു് ഉപയോഗമില്ലാതെയിരിക്കുകയാണെങ്കിൽ ലൈസൻസ്സു വാങ്ങിക്കണമെന്നുണ്ടൊ?

മിസ്റ്റർ പി. വി. റാഫേൽ: അങ്ങിനെയില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: ഉപയോഗമില്ലാതെ കയ്യിൽ വച്ചുകൊണ്ടിരുന്നാട്ടു് എന്നൊട്ട ലൈസൻസ്സു വേണമെന്നു പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. വി. റാഫേൽ: ഉപയോഗമില്ലാതെ ഇരിക്കുകയാണെങ്കിൽ അപേക്ഷകൊടുത്തു ലൈസൻസ്സു് കാൻസൽചെയ്യിക്കണം.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: അതിനു് ആരിൽനിന്നെങ്കിലും അപേക്ഷ കിട്ടീട്ടുണ്ടൊ?

മിസ്റ്റർ പി. വി. റാഫേൽ: ഇല്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: ഞാൻ ഒരപേക്ഷ അയച്ചിട്ടുണ്ടായിരുന്നു.

മിസ്റ്റർ എം. ശിവരാമമേനോൻ: ഇതിനെസംബന്ധിച്ചു് ഒരു തീരുമാനമുണ്ടാക്കുന്നതിനു ഗവമ്മെണ്ടു് ആലോചിച്ചുവരുന്നുണ്ടു്. ബ്രിട്ടീഷിലേയും ഇവിടത്തേയും റേഡിയൊ സംബന്ധിച്ചുള്ള നിയമം ഒന്നായിരിക്കണമെന്നുള്ളതിനെപ്പറ്റി ആലോചിച്ചുവരുന്നുണ്ടു്.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഒരു രൂപാ മുതൽ പത്തു രൂപാ വരെ കണ്ടൊനെഷൻ ഫീസ്സു വാങ്ങിക്കുന്നുണ്ടു് എന്നു പറഞ്ഞു: സാധാരണ എത്ര രൂപാ വാങ്ങിക്കുന്നുണ്ടു്?

Mr. President: I think the present law is that there is a surcharge of Rs. 20.

Mr. M. Sivarama Menon *(Advocate-General):* We are looking into that matter.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇപ്പോൾ ഇരുപതു രൂപയും പിരിച്ചുവരുന്നുണ്ടൊ?

Mr. M. Sivarama Menon *(Advocate-General):* That is the very question now under consideration. The word used in our rule is "shall" and not "may". I have now been asked to report on the

LIBRARY ARCHIVES Kerala Legislative Assembly

question whether Government have the liberty of levying a lesser fee than what is laid down in rule 22. I am trying to ascertain the rule in British India also so that there may be uniformity of procedure in regard to this matter.

Mr. Shabdai S. Koder *(Nominated)*: Do you insist on stamps being affixed on applications ?

Mr. M. Sivarama Menon *(Advocate-General)*: That matter also is under the consideration of the Government.

Mr. Shabdai S. Koder *(Nominated)*: Do the Government know that in British India no stamp fee is levied ?

Mr. M. Sivarama Menon *(Advocate-General)*: Yes.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ശരിയായിട്ടുള്ള സമയത്തു പണമടച്ചു ഹരജി കൊടുത്തിട്ടില്ല എന്നാ കാരണത്താൽ പിഴ കൊടുക്കണമെന്നുണ്ടോ? അങ്ങിനെ ആരിൽനിന്നെങ്കിലും വസൂലാക്കീട്ടുണ്ടോ ?

മിസ്റ്റർ എം. ശിവരാമമേനോൻ: അങ്ങിനെ ഒരു കേസ്സുണ്ട്. അതുസംബന്ധിച്ചു ഗവമ്മെണ്ടു് ആലോചിച്ചുവരുന്നുണ്ടു്.

മിസ്റ്റർ സി. കുഞ്ഞൻനമ്പൂതിരിപ്പാടു്: ഈ ലൈസൻസ്സു ഫീസ്സു കൊച്ചി ഗവമ്മെണ്ടിനുള്ളതാണൊ ?

മിസ്റ്റർ എം. ശിവരാമമേനോൻ: അതെ എന്നാണു തോന്നുന്നതു്.

Mr. Shabdai S. Koder *(Nominated)*: What is the license fee ?

Mr. M. Sivarama Menon *(Advocate-General)*: Rs. 10.

Mr. Shabdai S. Koder *(Nominated)*: In British India, it is only Rs. 8.

Mr. M. Sivarama Menon *(Advocate-General)*: You have this assurance that the laws and rules here with regard to the radio license will be made uniform with those obtaining in British India, as far as possible.

മിസ്റ്റർ ടി. കെ. നായർ: ഇതിന്റെ ലൈസൻസ്സുഫീസ്സു് നമുക്കുള്ളതൊ അവക്കുള്ളതൊ എന്നു പറയുവാൻ സാധിക്കുകയില്ലെ ?

മിസ്റ്റർ പി. വി. റാഫേൽ: എങ്ങിനെയാണെന്നു നിശ്ചയമില്ല.

മിസ്റ്റർ ടി. കെ. നായർ: ഇതു വാങ്ങിച്ചിട്ടു് എന്താണു ചെയ്യുന്നതു്? അതു നമ്മുടെ ഗവമ്മെണ്ടിനു നിശ്ചയമില്ലെങ്കിൽ പിന്നെ ഞങ്ങൾ ആരോടാണു ചോദിക്കേണ്ടതു്?

Rama Varmha Tampuran *(Comptroller of Finance and Accounts)*: The radio fees is not adjusted to the British Government. I know that.

Mr. T. K. Nayar *(Pazhayannur)*: We want only a definite answer.

LIBRARY ARCHIVES Kerala Legislative Assembly